പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6553 — 08/11/2016 -ൽ മറുപടിക്ക്

## പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ജോർജ് എം. തോമസ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** | |
| എ) | ഒരു നിയോജകമണ്ഡലത്തിലെ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കുന്ന പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളും സേവനങ്ങളുമാണ് പുതുതായി ഏർപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ; | എ) | പ്രാഥമികാരോഗ്യ സംരക്ഷണ കേന്ദ്രങ്ങളെ കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി അവിടങ്ങളിലെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാൻ സജ്ജമാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഇത് വഴി ഓരോ പ്രദേശത്തെയും സാംക്രമിക രോഗങ്ങളും ജീവിതശൈലീ രോഗങ്ങളും കണ്ടെത്തി പരിഹരിക്കുവാനും രോഗപ്രതിരോധവും ചികിത്സാ സൗകര്യവും വിപുലപ്പെടുത്താൻ ആലോചിക്കുന്നുണ്ട്. പകർച്ചവ്യാധികളല്ലാത്ത രോഗങ്ങളുടെ കാര്യത്തിൽ ഒരു പ്രാഥമിക ആരോഗ്യ സമ്പ്രദായം വികസിപ്പിച്ചെടുക്കാനും ലക്ഷമിടുന്നുണ്ട്. ഘട്ടം ഘട്ടമായി ഈ പ്രോഗ്രാമുകൾ കൂടുതൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്. ടി തസ്തിക സൃഷ്ടിക്കപ്പെടുന്നതിലൂടെ മെച്ചപ്പെട്ട സേവനം പ്രാഥമിക തലത്തിൽ നൽകാൻ സാധിക്കും. |
| ബി) | പ്രസ്തുത പദ്ധതി എന്ന് നടപ്പിൽ വരുത്താനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) | |

സെക്ഷൻ ഓഫീസർ